# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 837 11.06.2014 - ൽ മറുപടിക്ക്

## പമ്പിംഗ് തടസ്സം ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടി റെയിൽ സ്ഥാപിച്ചപ്പോൾ തകരാറിലായ പൈപ്പ് മാറ്റി വ്യാസം കുറഞ്ഞ പൈപ്പ് സ്ഥാപിച്ചതുമൂലം ആവശ്യാനുസരണം പമ്പിംഗ് നടത്തുന്നതിന് തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) തകരാറിലായ പൈപ്പുകൾക്ക് പകരം പുതിയ 900 എം.എം. വ്യാസമുള്ള എച്ച്.ഡി.പി.ഇ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ നല്കുകയും ടി പ്രവൃത്തിയ്ക്കാവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന അനുബന്ധ സാമഗ്രികളുടെ നിർമ്മാണം നടന്നു വരികയും ചെയ്യുന്നു.<br><br>റെയിൽപ്പാതകളുടെ അടിയിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായുള്ള അപേക്ഷ തിരുവനന്തപുരം റെയിൽവെ ഡിവിഷണൽ മാനേജരുടെ ഓഫീസിൽ നിന്നും 20/05/2014-ൽ ചെന്നൈയിലുള്ള ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിർദ്ദിഷ്ട വ്യാസത്തിലുള്ള പൈപ്പ് എന്നത്തേക്ക് സ്ഥാപിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | റെയിൽവെയുടെ അനുമതി ലഭിച്ച് ഒരു മാസത്തിനകം പൈപ്പുകൾ സ്ഥാപിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ